**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4238** **18-07-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ റൈസ് പാർക്കിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്; പാലക്കാട് റൈസ് പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ അടക്കമുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നത് സംസ്ഥാന സർക്കാരിനു കീഴിലുള്ള കോർപ്പറേഷനായ കിൻഫ്രയാണ്. കിൻഫ്രയുടെ മെഗാ ഫുഡ് പാർക്കിനുള്ളിൽ റൈസ് പാർക്കിനായി അഞ്ച് ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.<br><br>പദ്ധതിയ്ക്കായി അനുവദിച്ച ഭൂമി അറുന്നൂറോളം വിവിധ തരത്തിലുള്ള മരങ്ങൾ ഉണ്ടായിരുന്ന പ്രദേശമാണ്. ആയത് വനംവകുപ്പ് നിരക്ക് നിശ്ചയിച്ച് ട്രീ കമ്മിറ്റി കൂടി ലേലം ചെയ്തു മുറിച്ചു മാറ്റിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കോവിഡും മോശം കാലാവസ്ഥയും ഈ പ്രവർത്തനങ്ങളെ ബാധിച്ചതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്.<br><br>സിവിൽ പ്രവൃത്തികൾ നടക്കുന്നതിനൊപ്പം തന്നെ പദ്ധതിക്കാവശ്യമായ പ്ലാൻറ് & മെഷീനറിയും, സൈലോകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സമാന്തരമായി നടന്നുവരുന്നു. |
| (ബി) | സർക്കാരിന്റെ സ്വപ്നപദ്ധതികളിൽ ഒന്നായ പാലക്കാട് റൈസ് പാർക്ക് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2023 മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ